(ബി) ഒരു സ്ഥാപനത്തിൽ വിവിധ വകുപ്പുകളിലെ ജീവനക്കാർ ഇപ്പോൾ ജോലിചെയ്യുന്നതുമൂലം എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനത്തിലെ ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ കൊണ്ടുവരുന്നതു സംബന്ധിച്ച് പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിച്ചിരുന്നോ;

(ഡി) എങ്കിൽ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിലെ ശുപാർശകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തു നടപടി കൈക്കൊണ്ടു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും, ഹെൽത്ത് സർവ്വീസ് വകുപ്പിലേയും ജീവനക്കാർ ജോലിചെയ്യുന്നുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) നിയമിച്ചിരുന്നു.

(ഡി)&(ഇ) തൽസംബന്ധമായ രേഖകൾ പരിശോധിച്ച് മറുപടി പിന്നീട് നൽകുന്നതാണ്.

ശ്രീമതി പുഷ്പവല്ലിയുടെ പരാതി

150(1638)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയായി നിയമനം ലഭിക്കുന്നതിന് ഇടുക്കി ജില്ലയിലെ ശ്രീമതി പുഷ്പവല്ലി ഹാജരാക്കിയ വാളന്ററി ഹെൽത്ത് വർക്കർ ട്രെയിനിംഗ് സർട്ടിഫിക്കറ്റിലെ ഒപ്പു വ്യാജമായിരുന്നുവെന്ന് സർക്കാർ നിലപാടെടുത്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താൻ ഹാജരാക്കിയ സർട്ടിഫിക്കറ്റിലെ ഒപ്പു വ്യാജമല്ലെന്നും കയ്യക്ഷര വിദഗ്ദ്ധന്മാരെകൊണ്ട് പരിശോധിച്ച് നിജസ്ഥിതി തെളിയിക്കണമെന്നും അഭ്യർത്ഥിച്ച് ശ്രീമതി പുഷ്പവല്ലി ഗവൺമെന്റിന് ഹർജി സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഹർജി എന്ന് ലഭിച്ചുവെന്നും ആർ മുഖാന്തിരം ലഭിച്ചുയെന്നും എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ ഡോക്ടർമാരുടെ വ്യാജ ഒപ്പാണ് സർട്ടിഫിക്കറ്റിലുള്ളതെന്നും പ്രസ്തുത ഡോക്ടർമാർ ജീവിച്ചിരിപ്പുള്ളവരാണോ എന്നും വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത സർട്ടിഫിക്കറ്റിന്റെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷണം നടത്തുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീമതി പുഷ്പവല്ലി 15.7.99-ൽ സർക്കാരിൽ സമർപ്പിച്ചിരുന്ന ഹർജിയിൽ സർട്ടിഫിക്കറ്റ് ഔദ്യോഗികമായി പരിശോധിക്കണം എന്ന് ആവശ്യപ്പെട്ടിരുന്നു.

(സി) 30.7.99-ൽ ശ്രീ. പി. പി. സുലൈമാൻ റാവുത്തർ എം.എൽ.എ. മുഖാന്തിരമാണ് ശ്രീമതി പുഷ്പവല്ലിയുടെ ഹർജി സർക്കാരിൽ ലഭിച്ചത്. പ്രസ്തുത ഹർജിയിൽ ഉന്നയിച്ചിരുന്ന ആവശ്യം ഇടുക്കി ജില്ലാ മെഡിക്കൽ ആഫീസറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. മേൽ റിപ്പോർട്ടിന്റേയും 10.8.98ലെ സർക്കാർ ഉത്തരവ് (സാധാരണ) 2010/98 ആ.കു.വ.-ന്റെ വെളിച്ചത്തിലും അനന്തര നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ആ വിവരം ബഹു. എം.എൽ.എ.യെ 25.1.2000-ലെ 27368/എഫ്2/99/ആ.കു.വ. കത്ത് പ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഡോ. പി.സി. ജോസഫ്, ഡോ. ജോസ് ചെറിയാൻ എന്നിവരുടെ ഒപ്പിന് സമാനമായ ഒപ്പുകളാണ് സർട്ടിഫിക്കറ്റിലുള്ളതെന്നാണ് റിപ്പോർട്ട്. ഇവർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

(ഇ) ശ്രീമതി പുഷ്പവല്ലിയും മറ്റ് നാല് പേരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ 28772/99 നമ്പർ ഒ.പി. ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ ഇടുക്കി വിജിലൻസ് ഡിവൈ.എസ്.പി. അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

പുതുതായി ആരംഭിക്കുന്ന ആയുർവേദ ആശുപത്രികൾ

151(1639) ശ്രീ. പി. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ; ആയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) പറവൂർ നിയോജകമണ്ഡലത്തിലെ ആലങ്ങാട് പഞ്ചായത്തിലും ഏഴിക്കര പഞ്ചായത്തിലും ഓരോ ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച തുക ആരോഗ്യ വകുപ്പിൽ നിന്നും നൽകുവാൻ നടപടി സ്വീകരിക്കുമോ; പുതുതായി അനുവദിക്കുന്ന ആയുർവേദ ഡിസ്പെൻസറികൾ ഏതൊക്കെ സ്റ്റാഫ് എത്ര വീതം ഉണ്ടാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നൂറ് (100) ആയുർവേദ ആശുപത്രികൾ സ്ഥാപിക്കുന്നതിനാണ് സർക്കാരിന്റെ തീരുമാനം. ഈ സാമ്പത്തിക വർഷം ഒന്നാംഘട്ടമെന്ന നിലയിൽ 50 (അമ്പത്) ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്നതിനും ഉള്ള സ്ഥലനിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ട്.

സ്ഥലത്തിന്റെ പിന്നോക്കാവസ്ഥ മറ്റു ചികിത്സാ സമ്പ്രദായങ്ങളുടെ ദൗർലഭ്യം എന്നിവയ്ക്കു മുൻഗണന നൽകി സ്ഥലം, കെട്ടിടം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പഞ്ചായത്തുകളിലാണ് ആരംഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly